പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

12.03.2020 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 2519

## തൊഴിൽ വകുപ്പിന്റെ വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. സി.എഫ് തോമസ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിനുകീഴിലെ സംവിധാനങ്ങളിൽ മാറ്റം വരുത്തുവാനും വിഭജിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(ബി) തോട്ടം മേഖലയ്ക്ക് മാത്രമായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) യും തൊഴിൽ വകുപ്പിനു കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-21 ബഡ്ജറ്റിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിൽ നിന്നുള്ള ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി)വിഭജനത്തിനുശേഷം തൊഴിൽ വകുപ്പിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയായിരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) തൊഴിൽ വകുപ്പിന് കീഴിലാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്. |
| (ഡി) ട്രിബ്യൂണൽ ആന്റ് ലേബർ കോർട്ട് എവിടെയെല്ലാം സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ഡി) നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടില്ല. |
| (ഇ) തൊഴിൽ വകുപ്പിനു കീഴിലെ ജീവനക്കാരെ പുനർവിന്യസിക്കാൻ ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ? | (ഇ) പ്ലാന്റേഷൻ ഡയക്ടറേറ്റ് രൂപീകരിക്കുന്നത് തൊഴിൽ വകുപ്പിൽനിന്നുള്ള ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെയാണ്. |

സെക്ഷൻ ഓഫീസർ